## പതിനാലാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3794
### 21-06-2019 - ലെ മറുപടിക്ക്

**പ്രവൃത്തികൾക്ക് അനുവദിച്ച തുക**

| ചോദ്യം<br>**ശ്രീ. പി.കെ.ശശി** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| (എ) 2016-17, 17-18 വർഷങ്ങളിലെ ആസ്തി വികസനഫണ്ട് ഉപയോഗിച്ചുള്ള ഷൊർണ്ണൂർ മണ്ഡലത്തിലെ പ്രവൃത്തികളിൽ അനുവദിച്ച തുകയേക്കാൾ കുറഞ്ഞ തുകയിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; | നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരം ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംസ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംസ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) ഉണ്ടെങ്കിൽ ഇപ്രകാരം എത്ര തുക ബാലൻസ് ആയി നീക്കിയിരിപ്പുണ്ട്; ആയതിന്റെ വർഷം തിരിച്ചുള്ള കണക്കും പ്രവൃത്തികളുടെ വിശദാംശവും ലഭ്യമാക്കാമോ? | മറുപടി (എ) യുടെ അടിസ്ഥാനത്തിൽ ഇപ്പോൾ ബാക്കി ടെൻഡർ സേവിംഗ്സ് തുക കണക്കാക്കുവാൻ നിർവ്വാഹമില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**